Roll No: ________ Code : 012/1

# MODEL EXAMINATION - 2007

## മലയാളം

അനുവദിച്ച സമയം : 3 മണിക്കൂർ ആകെ മാർക്ക് : 100

### 'എ' വിഭാഗം

1 (a) പര്യായം എഴുതുക: 1

കണ്ണീർ

(b) വിപരീതം എഴുതുക: 1

(i) ആദാനം (ii) സ്വാഭാവികം

(c) നാനാർത്ഥം എഴുതുക: 2

(i) ക്ഷമ (ii) ശാസന

(d) അർത്ഥവ്യത്യാസം എഴുതുക: 1

യാചകൻ - യാജകൻ

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 4

(i) കൈയുറ (ii) ഭവച്ചരിതം

(iii) അമൃതൂട്ടുക (iv) നീലോല്പലം

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 4

(i) വൃകോദരൻ (ii) ദ്വയാർത്ഥം

(iii) ചാരുകേസര (iv) സ്വർണ്ണവർണ്ണം

(g) അന്വാഖ്യാനമാക്കുക: 2

പപ്പു: (പെൺകുട്ടിയോട്) കുഞ്ഞിനെ അമ്മ തല്ലത്തില്ല. അരീം ഉപ്പും മൊളകുമെല്ലാം ഞാൻ മേടിച്ചു തരാം. കുഞ്ഞ് അങ്ങോട്ട് മാറി നിൽക്ക്. ഞാനിപ്പോ വന്നേക്കാം

(h) പ്രയോഗം മാറ്റുക: 2

(i) എല്ലാ മതങ്ങളും നമ്മെ സഹവർത്തിത്വത്തോടെ കഴിയാൻ പഠിപ്പിക്കുന്നു

(2) വിലക്കുകളെ അദ്ദേഹം കലാത്മകമായ വിധത്തിൽ തന്നെ ബാല്യകാലസഖിയിൽ വിമർശിച്ചിട്ടുണ്ട്

(i) അംഗാംഗി വാക്യങ്ങൾ വേർതിരിച്ച് വാക്യവിഭാഗത്തിന്റെ പേരെഴുതുക: 2

ദേവേന്ദ്രൻ പുത്രസ്നേഹം മൂലം ആ രംഗം കാണാൻ വന്നപ്പോൾ സൂര്യൻ അരികെ വന്നു കൂടിയ മേഘങ്ങളെ മുടിച്ചുവിട്ടു.

(j) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക: 1

കുട്ടികൾ സാധാരണ കാലിച്ചന്തയിൽ അലയുക പതിവാണ്.

2 (a) ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക 10

(i) ആനുകാലിക ജീവിതത്തിൽ പത്രങ്ങൾക്കുള്ള പ്രാധാന്യം

(ii) വിദ്യാർത്ഥികളും സാമൂഹ്യ സേവനങ്ങളും

(iii) കേരളവും ടൂറിസം സാധ്യതകളും.

(b) ചിക്കുൻ ഗുനിയ വ്യാപകമായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിയിൽ അതിനുള്ള പ്രതിരോധ നടപടികൾ ഉടനടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നഗരസഭാ അദ്ധ്യക്ഷന്, പഞ്ചായത്തു പ്രസിഡന്റെന്ന നിലയിൽ ഒരു കത്തു തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:

ദു:ഖം അഥവാ തിന്മ ഹൈന്ദവചിന്തയുടെ നിത്യ പ്രമേയമാണ്. വാസ്തവത്തിൽ ഹൈന്ദവചിന്തയുടെ വ്യതിരിക്തതയ്ക്കു തന്നെ നിദാനം ദു:ഖാനുഭൂതിയാണ്. പ്രപഞ്ചം മനസ്സിലുളവാക്കുന്ന അത്ഭുത വികാരങ്ങളാണ് പാശ്ചാത്യചിന്തയ്ക്ക് ആരംഭം കുറിച്ചത്. എന്നാൽ ഭാരതീയരുടെ സത്യാന്വേഷണം തുടങ്ങുന്നത് ദു:ഖം എന്ന പ്രതിഭാസത്തിലാണ്. അക്കാരണത്താൽ തന്നെ ഭാരതീയ ചിന്ത കൂടുതൽ ആത്മോന്മുഖമാവുകയും ചെയ്തു.

സംസാരദുഃഖത്തിൽ നിന്ന് എങ്ങനെ മുക്തി നേടാം എന്ന പ്രശ്നമാണ് ഭാരതീയ ദർശനങ്ങളുടെയെല്ലാം പശ്ചാത്തലം. തിന്മയുടെ മൂർത്തിമത്ഭാവമായി വേദമഹർഷിമാർ വൃത്രാസുരനെ ചിത്രീകരിച്ചു. പക്ഷേ തിന്മയ്ക്കെതിരെയുള്ള സമരത്തിൽ തികഞ്ഞ ശുഭാപ്തി വിശ്വാസമാണ് അവർ പ്രദർശിപ്പിച്ചത്. യജ്ഞം, തപസ്സ്, പ്രതിഭ എന്നീ ക്രിയാശക്തികളിലൂടെ തിന്മയെ ജയിക്കാമെന്നവർ ആത്മാർത്ഥമായി വിശ്വസിച്ചു. ഉപനിഷത്തുകളാകട്ടെ തിന്മയെ അസത്, മൃത്യു, അജ്ഞാനം എന്നീ സങ്കേതങ്ങളിൽ സമാഹരിച്ചു. വേദാന്ത വ്യാഖ്യാതാക്കൾ സംസാരമോക്ഷത്തിനായി വ്യത്യസ്തങ്ങളായ സാധനകളെ നിർദ്ദേശിച്ചു. പ്രപഞ്ചമത്രയും മിഥ്യയാണെന്ന് വാദിച്ച ശങ്കരാചാര്യരുടെ വീക്ഷണത്തിൽ ജ്ഞാനയോഗമാണ് ആത്യന്തികമായ മോക്ഷസാധന. വിശിഷ്ടാദ്വൈതത്തിന്റെ പ്രണേതാവായ രാമാനുജനും ദ്വൈതവാദിയായ മധ്വാചാര്യനും ജീവിതത്തെയും മരണത്തെയും വിജയത്തെയും പരാജയത്തെയും മറ്റിതുപോലുള്ള എല്ലാ ദ്വന്ദ്വാനുഭവങ്ങളെയും സമഭാവനയോടെ വീക്ഷിക്കാനും നേരിടാനുമുള്ള കഴിവാണ് നിർവ്വാണാനുഭവത്തിന്റെ മുഖമുദ്ര എന്നു വിശ്വസിച്ചിരുന്നു.

1. ഹൈന്ദവ ചിന്തയുടെ വ്യതിരിക്തതയ്ക്ക് നിദാനമെന്ത്?
2. പാശ്ചാത്യ ചിന്തയ്ക്ക് ആരംഭം കുറിച്ചതെന്താണ്?
3. ഭാരതീയ മഹർഷിമാർ തിന്മയെ നേരിട്ടതെങ്ങനെ?
4. ഉപനിഷത്തുക്കൾ തിന്മയെ സമാഹരിച്ചതെന്തിലാണ്?
5. നിർവ്വാണാനുഭവത്തിന്റെ മുഖമുദ്ര എന്ത്? 2x5 = 10.

## 'ബി' വിഭാഗം

3 (a) 'കുന്തിയുടെ മാറിടം കണ്ണീർ കൊണ്ടും മുലപ്പാൽ കൊണ്ടും കുതിർന്നു'- ഇവിടെ വിവക്ഷിച്ചിരിക്കുന്ന ആശയമെന്ത്? 4

(b) കൃഷ്ണഗാഥയുടെ മഹത്വത്തിന്റെ 'കാരണങ്ങളിൽ അനപേക്ഷണീയമായത് എന്ത്? 4

(c) അതൊക്കെ കണ്ട് മനസ്സു നൊന്തു കരയുന്ന ബഷീറിനെ ഞാൻ ബാല്യകാലസഖിയിൽ കണ്ടു — ആരാണ് കണ്ടത്? എന്തൊക്കെ കണ്ടാണ് ബഷീറിന്റെ മനസ്സു നൊന്തത്? 4

(d) ബുദ്ധന് ബുദ്ധമതം കൊണ്ട് പ്രയോജനമുണ്ടോ എന്ന ശ്രീനാരായണ ഗുരുവിന്റെ ചോദ്യത്തിന് അടിസ്ഥാനമെന്ത്? 4

(e) പച്ചു സ്റ്റേഷനിലേക്കു പോയപ്പോൾ തെരുവിലുള്ളവർ പറഞ്ഞതെന്തെല്ലാം? 4

4 (a) ത്ര്യംബകവില്ല് ശ്രീരാമൻ ഭേദിച്ചപ്പോൾ സീതയ്ക്കും ഇതര രാജാക്കന്മാർക്കും ഉണ്ടായ ഭാവഭേദം കവി എങ്ങനെ വർണ്ണിക്കുന്നു? 4

(b) "ഏകോദരസോദരർ നാമെവരുമെല്ലാ ജീവികളും
ലോകപടത്തിൽ തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ"
— ആശയവും അലങ്കാരവും വ്യക്തമാക്കുക 4

(c) കാർട്ടൂൺ കവിതാപ്രസ്ഥാനത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക 4

(d) "ഇന്നമച്ചെന്നു വഴിയിലൂടെ നീങ്ങുന്നിതെൻ കനപ്പെട്ട നാൾകൾ" — ഏതു വഴിയെ കുറിച്ചാണീ പരാമർശം? കനപ്പെട്ട നാൾകൾ എന്നു പറഞ്ഞിരിക്കുന്നതെന്തുകൊണ്ട്? 4

(e) "പെരുവഴിയേ പോകും ഞങ്ങൾ
പുതുവഴി വഴിപാടിനു മാത്രം"
— ആശയം വിശദമാക്കുക 4

5. നിശിതമായ സാമൂഹ്യവിമർശനമാണ് 'പ്രൊഫസറുടെ ലോകത്തിൽ' നിറഞ്ഞു നിൽക്കുന്നത് — ഈ അഭിപ്രായം വിലയിരുത്തുക 10

(അല്ലെങ്കിൽ)

ദരിദ്രമായ ഹാസ്യസാഹിത്യത്തിന് അന്തസ്സുള്ള ആഭിജാത്യമുള്ള ഹാസ്യം സൃഷ്ടിച്ച് അതിനെ സമ്പന്നമാക്കാൻ ശ്രമിക്കുന്നു കെ. എൻ. മോഹനവർമ്മ — ഈ അഭിപ്രായം വിലയിരുത്തുക. 10

---